പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 163 11.02.2020 - ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി സി.കെ. ആശ**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**,, ചിറ്റയം ഗോപകുമാർ**<br>**,, ജി.എസ്.ജയലാൽ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ആധാർ ആതന്റിക്കേഷൻ മുഖേനയാണോ എല്ലാ ഉപഭോക്താക്കളും റേഷൻ വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ആധാർ ആതന്റിക്കേഷൻ വഴി മാത്രമേ റേഷൻ വിതരണം നടത്താവൂ എന്നാണ് നിലവിലെ നിർദ്ദേശം. എന്നാൽ ആധാർ ആതന്റിക്കേഷൻ സാധിക്കാത്ത സാഹചര്യത്തിൽ ഒ.ടി.പി. മുഖേനയും ഒ.ടി.പി പരാജയപ്പെടുകയാണെങ്കിൽ മാത്രം ആതന്റിക്കേറ്റ് ചെയ്യാതെ മാന്വൽ രീതിയിലും റേഷൻ സാധനങ്ങൾ വിതരണം ചെയ്തു വരുന്നുണ്ട്. |
| (ബി) നേരിട്ട് റേഷൻ വാങ്ങാത്ത ശയ്യാവലംബികളായ കാർഡുടമകൾക്ക് റേഷൻ വിഹിതം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) അവശരായവർക്ക് റേഷൻ വാങ്ങുന്നതിന് അതേ റേഷൻകടയിലുള്ള മറ്റേതെങ്കിലും കാർഡംഗങ്ങളെ പ്രോക്സി(പകരം നിയോഗിക്കുന്ന ആൾ) ആക്കാവുന്നതാണ്. റേഷൻ കാർഡിലെ മറ്റ് അംഗങ്ങളിൽ 16 നും 65 നും മദ്ധ്യേ പ്രായമുള്ള ആരോഗ്യമുള്ള അംഗങ്ങൾ ഉണ്ടാകാൻ പാടില്ല. പ്രോക്സി അംഗങ്ങൾക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള റേഷൻകടയിൽ നിന്നും മാത്രമേ റേഷൻ സാധനങ്ങൾ ലഭിക്കുകയുള്ളൂ. ഇപ്രകാരമുള്ളവർക്ക് പോർട്ടബിലിറ്റി പ്രകാരം റേഷൻ ലഭ്യമാകുന്നതല്ല. |
| (സി) മൂന്നുമാസം തുടർച്ചയായി റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ കാർഡുകളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. തുടർച്ചയായി 3 മാസം റേഷൻ വാങ്ങാത്ത എ.എ.വൈ/മുൻഗണനാ കാർഡുകളെ പൊതുവിഭാഗത്തിലേക്ക് മാറ്റി വരുന്നുണ്ട്. നാളിതുവരെ 39068 കാർഡുകളെ ഇപ്രകാരം പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ഡി) ഇത്തരത്തിൽ റേഷൻ വാങ്ങാത്ത കാർഡുകൾ റദ്ദാക്കുമെന്ന് പറഞ്ഞ് ഉപഭോക്താക്കളെ സ്വാധീനിച്ച് റേഷൻ വിഹിതം വ്യാപാരികൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വെളിപ്പെടുത്തുമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല, പരാതി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഇ) റേഷൻ വാങ്ങാത്ത (ഇ) കാർഡുടമകൾക്ക് താല്ക്കാലികമായി റേഷൻ വേണ്ടെന്നുവയ്ക്കുന്നതിന് അവസരമുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്. ആറു മാസത്തേക്ക് റേഷൻ വേണ്ട എന്നു വയ്ക്കുന്നതിന് 'റേഷൻ ഗിവ് അപ് പദ്ധതി' നിലവിലുണ്ട്. civilsupplieskerala.gov.in എന്ന പോർട്ടലിൽ Give Up Ration എന്ന മെനു വഴി റേഷൻ ഉപേക്ഷിക്കാവുന്നതാണ്. തിരികെയെത്തുന്ന മുറയ്ക്ക് (ആറുമാസത്തിനുശേഷം മാത്രം) റേഷൻ ആവശ്യമുണ്ടെങ്കിൽ ഇതേ മെനു തന്നെ ഉപയോഗപ്പെടുത്തി റേഷൻ പുനഃസ്ഥാപിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. നാളിതുവരെ 917 പേർ ഗിവ് അപ് പദ്ധതി പ്രകാരം റേഷൻ ഉപേക്ഷിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

| ക്രമ നം. | ജില്ല | പി.എച്ച്.എച്ച് | എ.എ.വൈ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 5572 | 468 | 6040 |
| 2 | കൊല്ലം | 3987 | 358 | 4345 |
| 3 | പത്തനംതിട്ട | 1845 | 192 | 2037 |
| 4 | ആലപ്പുഴ | 2890 | 380 | 3270 |
| 5 | കോട്ടയം | 2192 | 271 | 2463 |
| 6 | ഇടുക്കി | 2414 | 285 | 2699 |
| 7 | എറണാകുളം | 4929 | 348 | 5277 |
| 8 | തൃശ്ശൂർ | 2373 | 276 | 2649 |
| 9 | പാലക്കാട് | 3736 | 542 | 4278 |
| 10 | മലപ്പുറം | 1577 | 172 | 1749 |
| 11 | കോഴിക്കോട് | 1499 | 83 | 1582 |
| 12 | വയനാട് | 510 | 227 | 737 |
| 13 | കണ്ണൂർ | 983 | 120 | 1103 |
| 14 | കാസർഗോഡ് | 771 | 68 | 839 |
| | **ആകെ** | **35278** | **3790** | **39068** |

**സെക്ഷൻ ഓഫീസർ**

അനുബന്ധം - 2

| ക്രമ നം. | ജില്ല | 'ഗിവ് അപ്' ചെയ്ത കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 111 |
| 2 | കൊല്ലം | 55 |
| 3 | പത്തനംതിട്ട | 78 |
| 4 | ആലപ്പുഴ | 53 |
| 5 | കോട്ടയം | 111 |
| 6 | ഇടുക്കി | 30 |
| 7 | എറണാകുളം | 115 |
| 8 | തൃശ്ശൂർ | 101 |
| 9 | പാലക്കാട് | 86 |
| 10 | മലപ്പുറം | 38 |
| 11 | കോഴിക്കോട് | 57 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 48 |
| 14 | കാസർഗോഡ് | 30 |
| | **ആകെ** | **917** |

**സെക്ഷൻ ഓഫീസർ**